# 334

*രീതി: സന്തോഷമായ് നാമെല്ലാ*

നിന്നെപ്പോലില്ലാരും പാരിൽ എന്നേശുവേ
തിരുനാമമേ ജയമോദമേ, തിരുനാമമേ ജയമോദമേ

1 നിന്നെ വിട്ടാൽ പിന്നെപ്പോകാ-നെങ്ങിടം?
നീയെൻ ജീവനായകൻ, തിരുമൊഴി സുഖം തരും എന്നുമേ-

2 നിന്റെ സ്നേഹം ക്രൂശിലൂടെ കാൺകയാൽ
നിന്റെ കൂടെ പാർക്കുവാൻ നിരന്തരം എനിക്കതിൽ ആശയാം-

3 കൈവിടുകില്ലൊന്നിനാലും നിർണ്ണയം
നിൻമൊഴിയു ങ്ങനെ അതിലുറച്ചിടുകയാണെന്മനം-

4 ഈ വിധത്തിൽ നീയൊരുത്തൻ മാത്രമേ
ചെയ്തതുള്ളു ഭൂമിയിൽ
തവ പാദേ വന്നതിൽ ഞാൻ ഭാഗ്യവാൻ- **T.K.S.**